KOLLAM CITY POLICE
https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated :08/01/2020

# കഞ്ചാവുമായി യുവാവ് പിടിയിൽ

**കൊല്ലം** : ജില്ലയിൽ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്ന ഡാൻസാഫ് ടീം നടത്തി മിന്നൽ പരിശോധനയിൽ കൊല്ലം പള്ളിമുക്ക്, വടക്കേവിള സ്വദേശിയായ ഓമനക്കുട്ടൻ -25(വയസ്) എന്ന യുവാവിനെ കഞ്ചാവുമായി ഡാൻസാഫ് ടീം കസ്റ്റഡിയിലെടുക്കുകയും, തുടർന്ന് കണ്ണനല്ലൂർ പോലീസിന് കൈമാറുകയും ചെയ്തു. കണ്ണനല്ലൂർ പോലീസും ഡാൻസാഫ് ടീമും സംയുക്തമായി നടത്തിയ പരിശോധനയിലാണ് ടിയാനെ ഗഞ്ചാവ് സഹിതം അറസ്റ്റ് ചെയ്തത്. അറസ്റ്റ് ചെയ്തപ്പോൾ ടിയാന്റെ കൈവശം ഏകദേശം 15000/- രൂപയോളം വിലവരുന്ന ഗഞ്ചാവ് ഉണ്ടായിരുന്നു. ജില്ലയിലും പരിസര പ്രദേശങ്ങളിലും കോളനികൾ കേന്ദ്രീകരിച്ച് ചെറു പൊതികളാക്കി ഗഞ്ചാവ് കച്ചവടം തകൃതിയായി നടക്കുന്നു എന്ന രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ മിന്നൽ പരിശോധനയിലാണ് ടിയാൻ അറസ്റ്റിലായത്. വലിയ ഒരു സംഘത്തിലെ കണ്ണിയായ ടിയാന്റെ അറസ്റ്റോടെ ജില്ലയിൽ രഹസ്യമായി പ്രവർത്തിച്ചു വരുന്ന ഒരു സംഘത്തിനെ പറ്റി കൂടുതൽ വിവരം കിട്ടിയതായി ഡാൻസാഫ് ടീം വ്യക്തമാക്കി. വരും ദിവസങ്ങളിൽ ഇതുമായി ബന്ധപ്പെട്ടു കൂടുതൽ അറസ്റ്റ് ഉണ്ടാകുമെന്ന് ഡാൻസാഫ് ടീം അറിയിച്ചു. അറസ്റ്റ് ചെയ്ത ഓമനക്കുട്ടനെ കൊട്ടാരക്കര കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

